<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3431**      **26-06-2024 - ൽ മറുപടിയ്ക്ക്**

## ഭൂരഹിതരായവർക്ക് പട്ടയം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഭൂരഹിതരായവർക്ക് പട്ടയം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | 1960 ലെ കേരള ഭൂമി പതി നിയമത്തിലെയും, 1963 ലെ ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകളും മാനദണ്ഡങ്ങളു അനുസരിച്ചാണ് നിലവിൽ സംസ്ഥാനത്ത ഭൂരഹിതരായവർക്ക് പട്ടയം നൽകി വരുന്നത്<br><br>1) 1960 ലെ കേരള ഭൂമി പതിവ് നിയമവുമായ ബന്ധപ്പെട്ടുള്ള ചട്ടങ്ങളിൽപ്പെട്ട 1964 ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങളിലെ ചട്ട 7, 1993 ലെ കേരള ഭൂമി പതിച്ചു നൽകൽ (1/1/1977 നു മുമ്പ് വന ഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) ചട്ടങ്ങളിലെ ചട്ടം 5, 1995 ലെ മുനിസിപ്പൽ കോർപ്പറേഷൻ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ട 4 എന്നിവയിൽ ഉൾപ്പെടെയുള്ള വിവി ചട്ടങ്ങളിൽ പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകളും മാനദണ്ഡങ്ങളും പ്രകാരമാണ പ്രധാനമായും ഭൂരഹിതരായവർ നൽകുന്ന അപേക്ഷകളിൽ പട്ടയനടപടികൾ സ്വീകരിക്കുന്നത്.<br>2) 1963 ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം മിച്ചഭൂമിയായി ഏറ്റെടുത്ത ഭൂമിയും ഭൂരഹിതരായവർക്ക് പതിച്ചു നൽകി വരുന്നു. |
| (ബി) | നിലവിൽ കാസർഗോഡ് ജില്ലയിലെ ഭൂരഹിതരുടെ എണ്ണമെത്രയാണ്; ഇവർക്ക് പട്ടയം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ? | (ബി) | കാസർഗോഡ് ജില്ലയിലെ നിലവിലെ ഭൂരഹിതരായവരുടെ എണ്ണം റവന്യൂ വകുപ്പ് സൂക്ഷിച്ചിട്ടില്ലാത്തതാണ്. നിലവിൽ സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന "ലൈഫ് മിഷൻ" പദ്ധതി പ്രകാരം ഭൂരഹിതർക്ക് ഭവന പദ്ധതി നടപ്പിലാക്കിവരുന്നതിനാൽ, ഭൂരഹിതരുടെ എണ്ണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിച്ചിട്ടുള്ളതാണ്. ലൈഫ് മിഷൻ വെബ് സൈറ്റിൽ |

| | | | |
|---|---|---|---|
| | | | നിന്നും ലഭ്യമായ വിവരം പ്രകാരം 12387 കുടുംബങ്ങളാണ് കാസർഗോഡ് ജില്ലയിൽ ഭൂരഹിത ഭവനരഹിതരായിട്ടുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പ് 252 അതിദാരിദ്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്. ടി വിവരം വില്ലേജ് തല ജനകീയസമിതികളുടെ പരിഗണനക്ക് നൽകി, ടി കുടുംബങ്ങൾക്ക് അതാത് വില്ലേജുകളിലോ, തൊട്ടടുത്ത വില്ലേജുകളിലോ ഭൂമി നൽകുന്ന നടപടിയും സ്വീകരിച്ചുവരുന്നുണ്ട്.<br><br>1960 ലെ കേരള ഭൂമി പതിവ് നിയമത്തിനെ അടിസ്ഥാനപ്പെടുത്തി രൂപീകരിച്ച വിവിധ ചട്ടങ്ങളിൽ പ്രധാനപ്പെട്ടവയായ 1964 ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ, 1995 ലെ മുനിസിപ്പൽ - കോർപ്പറേഷൻ ഭൂമി പതിവ് ചട്ടങ്ങൾ എന്നിവ പ്രകാരം ഭൂരഹിതരായവർ പട്ടയത്തിനായി നൽകുന്ന അപേക്ഷകളിൽ മേൽ പരാമർശിച്ചതിൽ ബാധകമായ ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് ,മുനിസിപ്പൽ - കോർപറേഷൻ പ്രദേശങ്ങളിൽ യഥാക്രമം പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>കൂടാതെ, 1993 ലെ കേരള ഭൂമി പതിച്ചു നൽകൽ (1.1.1977 നു മുമ്പ് വന ഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) ചട്ടങ്ങൾ പ്രകാരം 1977 ജനുവരി 1-നു മുമ്പ് കുടിയേറ്റം നടത്തിയിട്ടുള്ള വന ഭൂമികളെ സംബന്ധിച്ച് പതിച്ചു നൽകലിനും സെറ്റ്ലെമെന്റിനും ക്രമപ്പെടുത്തലിനുമായി ലഭ്യമാകുന്ന അപേക്ഷകളിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ